**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3003** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ റോഡ് റീസ്റ്റോറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ തകർന്ന നിലയിലാണെന്നുള്ളതും അവ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് കാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്തു റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പൊതുമരാമത്തു വകുപ്പ് ആവശ്യപ്പെടുന്ന തുക (ഡിമാൻഡ് നോട്ടീസ്) പുനരുദ്ധാരണ തുകയായി അടയ്ക്കുന്നുണ്ട്. പൈപ്പ് സ്ഥാപിക്കുന്നതിലൂടെ തകരാറിലായ റോഡുകൾ കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ താൽകാലികമായി പുനരുദ്ധാരണം നടത്തുമെങ്കിലും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തി നിലവിൽ പൊതുമരാമത്തു വകുപ്പാണ് നടത്തുന്നത്. |
| (ബി) | ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചിട്ടുള്ള ഗ്രാമീണ റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം, വിളയൂർ, വല്ലപ്പുഴ, തിരുവേഗപ്പുര, മുതുതല, പഞ്ചായത്തുകളിലെ എല്ലാ ഗ്രാമീണ റോഡുകളിലും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഓങ്ങല്ലൂർ പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി ടെൻഡറിങ് ഘട്ടത്തിലാണ്. നിലവിൽ കുലുക്കല്ലൂർ പഞ്ചായത്തിലെ ചില സ്ഥലങ്ങൾ പൊളിച്ചിടത്ത് കോൺക്രീറ്റ് ചെയ്ത് പൂർവസ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പൈപ്പിടൽ പ്രവർത്തിക്കു ശേഷം റോഡുകൾ താൽകാലികമായി പുന:സ്ഥാപിക്കുന്ന പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഇപ്പോൾ JJM പ്രവർത്തികൾ പൂർത്തിയായ ഗ്രാമീണ റോഡുകൾ പൂർണമായും പൂർവസ്ഥിതിയിലാക്കേണ്ടത് അതാത് പഞ്ചായത്തുകളാണ്. G.O.(Rt) No. 134/2022/WRD dated 23.02.2022 പ്രകാരം അനുമതി നല്കിയിട്ടുള്ള പുതിയ പദ്ധതി തുകകളിൽ പഞ്ചായത്തു റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തന്നെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൂടി നടത്തുവാൻ |

| | | | |
|---|---|---|---|
| | | | സാധിക്കുന്നതാണ്. കൂടാതെ സർക്കാർതലത്തിൽ ROW (Portal) നിലവിൽ വന്നിട്ടുണ്ട്. ആയതിനാൽ പൈപ്പുകൾ സ്ഥാപിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. |
| (സി) | പട്ടാമ്പി മണ്ഡലത്തിൽ ഇത്തരം ഗ്രാമീണ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; അവ റീസ്റ്റോർ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും എപ്പോൾ ഇവ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം, വിളയൂർ, വല്ലപ്പുഴ, തിരുവേഗപ്പുര, മുതുതല, പഞ്ചായത്തുകളിലെ എല്ലാ ഗ്രാമീണ റോഡുകളിലും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഓങ്ങല്ലൂർ പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി ടെൻഡറിങ് ഘട്ടത്തിലാണ്. നിലവിൽ കുലുക്കല്ലൂർ പഞ്ചായത്തിലെ ചില സ്ഥലങ്ങൾ പൊളിച്ചിടത്ത് കോൺക്രീറ്റ് ചെയ്ത് പൂർവസ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പൈപ്പിടൽ പ്രവർത്തിക്കു ശേഷം റോഡുകൾ താൽകാലികമായി പുന:സ്ഥാപിക്കുന്ന പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഇപ്പോൾ JJM പ്രവർത്തികൾ പൂർത്തിയായ ഗ്രാമീണ റോഡുകൾ പൂർണമായും പൂർവസ്ഥിതിയിലാക്കേണ്ടത് അതാത് പഞ്ചായത്തുകളാണ്. G.O.(Rt) No. 134/2022/WRD dated 23.02.2022 പ്രകാരം അനുമതി നല്കിയിട്ടുള്ള പുതിയ പദ്ധതി തുകകളിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തന്നെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൂടി നടത്തുവാൻ സാധിക്കുന്നതാണ്. കൂടാതെ സർക്കാർതലത്തിൽ ROW (Portal) നിലവിൽ വന്നിട്ടുണ്ട്. ആയതിനാൽ പൈപ്പുകൾ സ്ഥാപിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ